**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2881** **12-07-2022 - ൽ മറുപടിയ്ക്ക്**

**ജലവിഭവ സംരക്ഷണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ സംരക്ഷണത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഇതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ജലവിഭവ സംരക്ഷണത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ജലസംഭരണികളുടെയും ജലസേചന കനാലുകളുടെയും അറ്റകുറ്റപ്പണികൾ നടത്തി ചോർച്ച തടഞ്ഞ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ചെറുകിട ജലസംഭരണികളുടെയും ജലസേചന കനാലുകളുടെയും അറ്റകുറ്റ പണികൾ നടത്തുന്നതിന് വാർഷിക പദ്ധതിയിൽ തുക ലഭ്യമാക്കാറുണ്ട്. അത് വിനിയോഗിച്ച് മുൻഗണനാക്രമത്തിൽ അറ്റകുറ്റപണികൾ നടപ്പിലാക്കി വരുന്നു. പ്രളയാനന്തരം ജലസേചന നിർമ്മിതികൾക്കു സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിനായി റീബിൾഡ് കേരള ഇനിഷ്യേറ്റിവ് (RKI), സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (SDRF) എന്നീ സ്കീമുകൾക്ക് കീഴിൽ ധനസഹായം നൽകിയിട്ടുണ്ട്.<br><br>ലോകബാങ്ക് സഹായത്തോടെ ഉള്ള ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (ഡ്രിപ്പ്) ഒന്നാം ഘട്ടം (2012-2021) ത്തിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിന്റെ 16 ഡാം/ ബാരേജ്/ റെഗുലേറ്ററുകളുടെ (മലമ്പുഴ ഡാം, നെയ്യാർ ഡാം, പീച്ചി ഡാം, വാളയാർ ഡാം, കുറ്റ്യാടി ഡാം, കാഞ്ഞിരപ്പുഴ ഡാം, ചിമ്മിനി ഡാം, മലങ്കര ഡാം, കല്ലട ഡാം, പോത്തുണ്ടി ഡാം, വാഴാനി ഡാം, മീങ്കര ഡാം, ചുള്ളിയാർ ഡാം, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ് മൂലത്തറ റെഗുലേറ്റർ) പുനരുദ്ധാരണവും അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കിയിരുന്നു. ഇതിൽ ചിമ്മിനി, കല്ലട, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, മലമ്പുഴ, മീങ്കര, പഴശ്ശി, പോത്തുണ്ടി എന്നീ ഡാമുകളിലെ ചോർച്ച നിയന്ത്രിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി grouting/guniting എന്നിവ നടപ്പിലാക്കി യിരുന്നു. കൂടാതെ, seepage കുറക്കുന്നതിനായി കാഞ്ഞിരപ്പുഴ, |

| | | | |
|---|---|---|---|
| | | | കുറ്റ്യാടി എന്നീ ഡാമുകളിൽ Block Joint Treatment ഉം Upstream Pointing ഉം നടപ്പിലാ ക്കിയിട്ടുണ്ട്. ഡാമുകളുടെ ഷട്ടറുകളുടെ ചോർച്ച തടയുന്നതിനായി മെക്കാനിക്കൽ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. മൂലത്തറ റെഗുലേറ്ററിന്റെയും ഭൂതത്താൻ കെട്ട് ബാരേജിന്റെയും ഷട്ടറുകൾ പൂർണ്ണമായും മാറ്റി പുന:സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ ഡാമുകളിലെ വിവിധ പരിശോധന സമയത്തു കണ്ടെത്തുന്ന അത്യാവശ്യ അറ്റകുറ്റ പണികൾ സംസ്ഥാന വാർഷിക ബജറ്റിൽ ഉൾപ്പെടുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യത അനുസരിച്ചു നടപ്പിലാക്കി വരുന്നു. പീച്ചി ഡാമിന്റെ കനാലുകളുടെ ചോർച്ച നിയന്ത്രിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വാർഷിക ബഡ്ജറ്റിൽ തുക അനുവദിച്ച് അറ്റകുറ്റ പ്പണികൾ നടത്തുകയും നീരൊഴുക്ക് സുഗമമാക്കുന്നതിനായി കനാലുകളിൽ അടിഞ്ഞ് കൂടിയ മണ്ണ് നീക്കം ചെയ്യുന്ന പ്രവർത്തികളും ചെയ്തു വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയുടെ ജലസംഭരണികളുടെ ചോർച്ച കണ്ടെ ത്തിയാൽ മെയിന്റനൻസ്, പ്ലാൻ ഫണ്ട് തുടങ്ങിയ ഹെഡുകളിൽ പ്രവൃത്തികൾ ഉടനടി ചെയ്യിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടതാണ് പ്രകൃതി വിഭവപരിപാലനവും അതിന്റെ ഭാഗ മായുള്ള മണ്ണ്-ജലസംരക്ഷണ പ്രവർത്തന ങ്ങളും പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും. ഇതിൽ ഉൾപ്പെടുത്തി പൊതു കുളങ്ങളുടെയും, തോടുകളുടെയും നവീകരണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നുണ്ട്. ഇതിനു പുറമേ ചെക്ക് ഡാമുകൾ, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കിണർ റീച്ചാർജിങ്, നീർച്ചാലുകൾ ആരംഭിക്കുന്നിടത്ത് ഗള്ളിപ്ലഗ്ഗിങ്, ഗാബിയോൺ തടയണകൾ ബ്രഷ് വുഡ് തടയണകൾ, ലൂസ് ബൗൾഡർ തടയണകൾ, മൺതടയണകൾ, കോൺക്രീറ്റ് തടയണകൾ, നീർച്ചാലുകളുടെ വശങ്ങൾ ഇടിഞ്ഞു പോകാതെ സംരക്ഷിക്കൽ, മഴക്കുഴികൾ, എന്നീ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നുണ്ട്, ജല സംരക്ഷണ മേഖലയിൽ 2021-22 സാമ്പത്തിക വർഷം 150368.63 ലക്ഷം രൂപക്കുള്ള പ്രവൃത്തികൾ ഏറ്റെടുത്തിരുന്നു. ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതം ആക്കുന്നതിന്റെ ഭാഗമായി സമഗ്ര നീർത്തട വികസന പരിപാടിയായി “നീരുറവ്" എന്ന പേരിൽ പ്രത്യേകം പരിപാടി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജലവിതരണത്തിന് മുന്നോടിയായുള്ള വാർഷിക അറ്റകുറ്റപ്പണികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന തൊഴിലുറപ്പ് പദ്ധതി വഴി നടത്തിവരുന്നു. Room for River പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ 44 നദികളിലെ ചെളിയും/ എക്കലും നീക്കം ചെയ്യുന്ന പ്രവൃത്തി MGNREGS മുഖേനയും വകുപ്പ് നേരിട്ടും നടപ്പിലാക്കി വരുന്നു.<br><br>പാലക്കാട് ജില്ലയിലെ എരുത്തേമ്പതി പഞ്ചായത്തിലെ മൂലത്തറ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ വലതുകരയിലെ കനാലിൽ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പാക്കിയ മൂങ്കിൽമട കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ ജല സംഭരണത്തിനായുള്ള ഭാഗത്ത് അടിഞ്ഞു കൂടിയിട്ടുള്ള മണ്ണ് മാറ്റുവാനും ഇരു കരകളിലെയും കാട്ടുവെട്ടൽ പ്രവൃത്തികൾക്കും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അവശ്യനടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് ജലവിഭവ സംരക്ഷണത്തിനായി നിരവധി പ്രവർത്തങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലം, ബ്ലോക്ക്തലം, ജില്ലാതലം എന്നിവിടങ്ങളിൽ സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക സമിതികളിൽ ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രതിനിധികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ പ്രതിനിധികളും വിദഗ്ധ സന്നദ്ധ പ്രവർത്തകരും അംഗങ്ങളാണ്. ജലസേചന വകുപ്പ് എഞ്ചിനീയർ ആണ് ഈ സാങ്കേതിക സമിതിയുടെ കൺവീനർ. ഈ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്ത് നീർത്തട പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 195 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ പ്ലാനുകളും പൂർത്തിയാക്കി. ഇവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ മുൻഗണനാ ക്രമത്തിൽ നിർവ്വഹിച്ചു വരുന്നു.കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 412 കി.മീ. നദികളും 45736 കി.മീ. തോടുകളും 26259 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ 20990 കുളങ്ങൾ പുതുതായി നിർമ്മിക്കുകയും 64950 കിണറുകളിൽ മഴവെള്ള റീചാർജ്ജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 26568 കിണറുകൾ നിർമ്മിക്കുകയും 13968 കിണറുകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

രാജ്യത്തെ വാർഷിക ശരാശരി മഴ ലഭ്യതയുടെ ഏകദേശം രണ്ട് ഇരട്ടിയിൽപരം (3000 മി.മീ) മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ, മഴയുടെ ഏകദേശം 70 ശതമാനവും ജൂൺ മുതൽ ഒക്ടോബർ മാസങ്ങളിലാണ് ലഭിക്കുന്നത്. കൂടാതെ മഴയുടെ സ്ഥലകാല വ്യതിയാനവും കൂടുതലാണ്. ഇക്കാരണങ്ങളാൽ കേരളത്തിലെ പല പ്രദേശങ്ങളിലും ഫെബ്രുവരി മാസത്തോടു കൂടി ജലക്ഷാമം നേരിടാറുണ്ട്. ഇത് കണക്കിലെടുത്ത് മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കുളങ്ങളുടെ ശുചീകരണം, പഠനങ്ങളുടെ അടിസ്ഥാനത്തിൽ നദികളിലും അവയുടെ കൈവഴികളിലും ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രധിരോധ തടയണകൾ എന്നീ വിവിധോദ്ദേശ നിർമ്മിതികളിലൂടെ ജലം സംഭരിക്കുന്നതുവഴി ഭൂജലപോഷണം സാധ്യമാകുന്നു. ഇതിനോടൊപ്പം, ജലസേചന നിർമ്മിതികളായ ഡാമുകൾ/തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്കു സമീപം അടിഞ്ഞുകൂടിയ ചളി/എക്കൽ/മണൽ/മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുക എന്നീ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"- യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ"

തയ്യാറാക്കുകയും, അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം / പുനരുദ്ധാരണം / സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനൊപ്പം നദികളിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ / തോടുകളിൽ; ചെറുതടയണകൾ / വെൻറഡ് ക്രോസ്ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ജലസംഭരണവും അതേസമയം ഭൂജലപോഷണവും സാധ്യമാക്കുന്നു. "സംയോജിത നീർത്തടപ്ലാനുകളിൽ" നിർദ്ദേശിച്ചിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/തോടുകൾ എന്നിവ "റിഡ്ജ്- ടു-വാലി" സമീപനത്തോടെ പുനഃരുദ്ധരിച്ച് സംഭരണശേഷി വർദ്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും, ഭൂജലപോഷണം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ പരിസ്ഥിതി സൗഹൃദവസ്തുക്കൾ ഉപയോഗിച്ച് ചെറുതടയണകൾ നിർമ്മിക്കുക, വലിയ തോടുകളിൽ ചരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക, കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തി പുല്ലുവച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന ജലസംരക്ഷണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പപദ്ധതി, വിവിധവകുപ്പുകൾ / ഏജൻസികൾ എന്നിവ സംയുക്തമായും, തനതായും തോടുകളുടെയും നദികളുടെയും നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ ജനകീയമായും ഇത്തരം പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. നവകേരളം കർമ്മപദ്ധതി- II ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ജനകീയമായി ഇത്തരം പ്രവൃത്തികൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം നദികളുടെ അടിത്തട്ടിലും കരകളിലും നീരൊഴുക്കിലും മാറ്റം സംഭവിച്ചിട്ടുണ്ട്. ഇതിനൊപ്പം എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ് വസ്തുക്കൾ എന്നിവ അടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിയും നിലനിൽക്കുന്നു. ഇത് കണക്കിലെടുത്ത്, നദികളിൽ അടിഞ്ഞു കൂടിയ ചളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ പദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിൻറെ ബജറ്റ് വിഹിതം ഉപയോഗിച്ചും പ്രവർത്തികൾ നടപ്പാക്കി വരുന്നു.

ജലവിഭവ ഉപയോഗ കാര്യക്ഷമത (Water Use Efficiency) വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പിന്റെ സഹകരണത്തോടുകൂടി 'മൈക്രോ ഇറിഗേഷൻ' കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനും ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതു വഴി ജലം പാഴാകുന്നത് നിയന്ത്രിക്കാനും കൂടുതൽ സ്ഥലത്ത് ജലലഭ്യത ഉറപ്പുവരുത്തുവാനും കഴിയും.

ജലവിഭവ സംരക്ഷണത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി അരുവിക്കര ഡാമിനു ചുറ്റും ഏകദേശം 3 കിലോമീറ്റർ നീളത്തിൽ വേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ 2022 – 23 ന്റെ ഫണ്ടിൽ ഉൾപ്പെടുത്തി ഒരു കിലോമീറ്റർ നീളം കൂടി വേലി കെട്ടി സംരക്ഷിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ മണ്ണും ചെളിയും നീക്കുന്നതിനായി ഡീസിൽറ്റേഷൻ പദ്ധതി നടപ്പിലാക്കാനായി 30/05/2022 ൽ കൂടിയ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ജലസേചന വകുപ്പിന്റെ കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ (KIIDC)-നെ ഏൽപ്പിച്ചിട്ടുണ്ട്.

ജലനിധി പദ്ധതികളുമായി ബന്ധപ്പെട്ട് ജല സംരക്ഷണത്തിനായി ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar), എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടാപ്പാക്കിയിട്ടുണ്ട്. നിലവിൽ KRWSA യുടെ ഭാഗമായ മഴകേന്ദ്രം വഴി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting) എന്നീ പ്രവർത്തനങ്ങളും നടപ്പാക്കുന്നുണ്ട്

ജലസേചന വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കെ.ഐ.ഐ.ഡി.സി. (KIIDC) മുഖേന വിവിധ ജില്ലകളിൽ കിഫ്ബി ധനസഹായത്തോടെ റെഗുലേറ്ററുകളുടെ നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത റെഗുലേറ്ററുകൾ വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നത് ഒഴിവാക്കാനും, നദികളെ തന്നെ ജലസംഭരണികൾ ആക്കുവാനും, ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കുവാനും സഹായിക്കും. പ്രസ്തുത പദ്ധതികളുടെ വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നമ്പർ | പദ്ധതി | ജില്ല | ഭരണാനുമതി |
|---|---|---|---|
| **നിർമ്മാണം പുരോഗമിച്ചുവരുന്ന പദ്ധതികൾ** | | | |
| 1 | കണ്ണൂർ ജില്ലയിലെ പിണറായി പഞ്ചായത്തിലെ പാറപ്രം അഞ്ചരക്കണ്ടി നദിയ്ക്ക് കുറുകെ ലോക്കോട് കൂടിയുള്ള റെഗുലേറ്റർ നിർമ്മാണം | കണ്ണൂർ | ₹ 46,37,00,000.00 |
| 2 | എറണാകുളം ജില്ലയിലെ ഉദയംപേരൂർ പഞ്ചായത്തിലെ പുത്തൻകാവിൽ കൊണോത്തുപുഴ നദിയ്ക്ക് കുറുകെ ലോക്കോട് കൂടിയ റെഗുലേറ്ററിന്റെ നിർമ്മാണം | എറണാകുളം | ₹ 25,75,80,000.00 |
| 3 | കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവിലെ കുവേരി-കാട്ടാമ്പള്ളിയിലെ കുപ്പം നദിയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം | കണ്ണൂർ | ₹ 26,06,00,000.00 |
| 4 | മലപ്പുറം ജില്ലയിലെ മൂർക്കനാട് പഞ്ചായത്തിലെ മൊത്തിക്കയത്തിൽ കീഴ്മരിക്കടവിലെ തൂതപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം | മലപ്പുറം | ₹ 67,64,00,000.00 |
| 5 | കോഴിക്കോട് ജില്ലയിലെ പെരിഞ്ചേരിക്കടവ് കുറ്റിയാടി നദിയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം. | കോഴിക്കോട് | ₹ 68,36,00,000.00 |
| 6 | മലപ്പുറം ജില്ലയിൽ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴങ്കാവിൽ കടലുണ്ടി നദിയ്ക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം | മലപ്പുറം | ₹ 12,06,00,000.00 |
| 7 | പാലക്കാട് ജില്ലയിൽ പെരുവമ്പ ഗ്രാമപഞ്ചായത്തിലെ വടകരപ്പള്ളി പാലത്തുള്ളിയിലെ ചിറ്റൂർ പുഴയ്ക്ക് കുറുകെ റഗുലേറ്റർ നിർമ്മാണം | പാലക്കാട് | ₹ 19,84,00,000.00 |
| 8 | തൃശ്ശൂർ ജില്ലയിലെ പുതുക്കാട് പഞ്ചായത്തിലെ കണ്ടുകടവിൽ കുറുമാലി പുഴയ്ക്ക് കുറുകെ | തൃശ്ശൂർ | ₹ 27,37,58,639.00 |

| | | | |
|---|---|---|---|
| | കാനാതോട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം | | |
| 9 | കോഴിക്കോട് ജില്ലയിലെ കുരുവാട്ടൂർ ഗ്രാമപഞ്ചായത്തിലെ പൂളക്കടവിൽ പൂനൂർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം | കോഴിക്കോട് | ₹ 25,10,63,602.35 |
| 10 | കണ്ണൂർ ജില്ലയിലെ പിണറായി പഞ്ചായത്തിലെ ചെക്കുപാലത്ത് ഉമ്മൻചിറ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം. | കണ്ണൂർ | ₹ 30,03,44,633.00 |
| **ടെൻഡർ ചെയ്ത പദ്ധതികൾ** | | | |
| 11 | മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം പഞ്ചായത്തിലെ കാങ്കക്കടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം | മലപ്പുറം | ₹ 125,60,70,749.00 |
| 12 | പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ പഞ്ചായത്തിലെ കാലടിക്കുന്ന് എൽ.ഐ.എസ്.ൽ തൂതപ്പുഴയുടെ ഡൗൺസ്ട്രീമിൽ റെഗുലേറ്റർ കം ഫുട്ബ്രിഡ്ജിന്റെ ഫുട് ബ്രിഡ്ജ് നിർമ്മാണം | പാലക്കാട് | ₹ 29,48,45,612.00 |

ഭൂജലവകുപ്പ് "ഭൂജലസംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. തുറന്ന കിണർ, കുഴൽക്കിണർ, റീചാർജ്ജ് പിറ്റ് വഴിയുള്ള റീചാർജ്ജ് പദ്ധതികൾ, ചെറിയ തടയണകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്യുന്നു. കേരളത്തിലെ അമിത ചൂഷിത, ഗുരുതര, അർദ്ധഗുരുതര ബ്ലോക്കുകളിൽ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാനം നൽകിവരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതി പൂർത്തീകരണത്തിലൂടെ സമീപ പ്രദേശങ്ങളിലെ ജലവിതാനവും മെച്ചപ്പെടുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 188 എണ്ണം റീചാർജ്ജ് പിറ്റ് പദ്ധതികളും 50 എണ്ണം തുറന്ന കിണർ റീചാർജ്ജ് പദ്ധതികളും 3 എണ്ണം കുഴൽക്കിണർ റീചാർജ്ജ് പദ്ധതികളും 3 എണ്ണം റിംഗ് ചെക്ക് ഡാമുകളും അടക്കം 244 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 216 എണ്ണം റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.